ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 24.12.2024**

## പ്രധാനവാർത്തകൾ

1) **കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രമുഖ സാമ്പത്തിക വിദഗ്ധരുമായി ന്യൂഡൽഹിയിൽ ചർച്ച നടത്തി.**
2) **ക്ഷീരോത്പാദന മേഖലയിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തിനായുള്ള ഊർജ്ജിത ശ്രമത്തിലാണ് സംസ്ഥാനമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
3) **സമാധാനത്തിൻറേയും സ്നേഹത്തിൻറേയും സന്ദേശവുമായി നാളെ ക്രിസ്മസ്; ആശംസകൾ നേർന്ന് ഗവർണർ, മുഖ്യമന്ത്രി തുടങ്ങിയവർ.**
4) **മണ്ഡലപൂജയ്ക്ക് രണ്ടു ദിവസം ശേഷിക്കെ സന്നിധാനത്ത് തിരക്ക് തുടരുന്നു; തങ്കഅങ്കി ഘോഷയാത്ര നാളെ പമ്പയിൽ.**
5) **എറണാകുളത്ത് എൻസിസി സംസ്ഥാന ക്യാമ്പിലുണ്ടായ ഭക്ഷ്യവിഷബാധ ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി അന്വേഷിക്കുമെന്ന് മന്ത്രി ആർ ബിന്ദു.**
6) **സന്തോഷ് ട്രോഫി ഫുട്ബാളിൽ കേരള - തമിഴ്നാട് മത്സരം സമനിലയിൽ.**

RNU TVPM

## കേന്ദ്ര ബജറ്റ് - പ്രധാനമന്ത്രി

കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ നിതി ആയോഗ് ആസ്ഥാനത്ത് പ്രമുഖ സാമ്പത്തിക വിദഗ്ധരുമായി കൂടിയാലോചന നടത്തി. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഉൾപ്പടെയുള്ളവർ പങ്കെടുത്തു. 2025-26 വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ് ധനമന്ത്രി ഫെബ്രുവരി ഒന്നിന് ലോക്സഭയിൽ അവതരിപ്പിച്ചേക്കും.

---

## പ്രധാനമന്ത്രി ബാല പുരസ്കാരം

ഈ വർഷത്തെ 'പ്രധാനമന്ത്രി രാഷ്ട്രീയ ബാല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു മറ്റെന്നാൾ ന്യൂ ഡൽഹിയിൽ സമ്മാനിക്കും. 14 സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും ഏഴ് വിഭാഗങ്ങളിലായി അതുല്യ നേട്ടങ്ങൾ കൈവരിച്ച 17 കുട്ടികളാണ് പുരസ്കാരത്തിന് അർഹരായിട്ടുള്ളത്. കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയം ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്ര വനിതാ ശിശുവികസന മന്ത്രി അന്നപൂർണാ ദേവി തുടങ്ങിയവർ സംബന്ധിക്കും. ചടങ്ങിൽ സുപോഷിത് പഞ്ചായത്ത് പദ്ധതിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും.

RNUTVPM

---

## മുഖ്യമന്ത്രി മലപ്പുറം

കോവിഡ് പോലുള്ള പ്രതിസന്ധികൾക്കിടയിലും ക്ഷീര ഉത്പാദന മേഖലയിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തിനായുള്ള ഊർജ്ജിത ശ്രമമാണ് സർക്കാർ നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മലപ്പുറം ജില്ലയിലെ മൂർക്കനാട്ട് സ്ഥാപിച്ച മിൽമ മലപ്പുറം ഡയറിയും പാൽപ്പൊടി നിർമ്മാണ ഫാക്ടറിയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ ക്ഷീര മേഖലയുടെ ഉത്പാദന ക്ഷമത ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. ആവശ്യമായ പാലിന്റെ 80 ശതമാനവും സംസ്ഥാനത്ത് തന്നെ ഉത്പാദിപ്പിക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

## ക്രിസ്മസ്

യേശുക്രിസ്തുവിൻറെ തിരുപ്പിറവിയുടെ സ്മരണയിൽ ലോകമെമ്പാടുമുള്ള ക്രൈസ്തവർ നാളെ ക്രിസ്മസ് ആഘോഷിക്കുന്നു. കേരളത്തിലും പുൽക്കൂടും നക്ഷത്രങ്ങളും ഒരുക്കി ക്രിസ്മസിനെ വരവേൽക്കാൻ ജനങ്ങൾ ഒരുങ്ങിക്കഴിഞ്ഞു. ദേവാലയങ്ങളിൽ ഇന്ന് രാത്രി നടക്കുന്ന പ്രത്യേക പാതിരാകുർബാനയോടെയാണ് ക്രിസ്തുമസ് ആഘോഷങ്ങളിലേക്ക് കടക്കുക. 2024 വിട പറയാൻ ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ പുതുവസരാഘോഷങ്ങൾക്കും തുടക്കമാവുകയാണ്.

## ക്രിസ്മസ് തിരുവനന്തപുരം (ഇൻട്രോ)

ക്രിസ്മസിനെ വരവേൽക്കാനൊരുങ്ങി തിരുവനന്തപുരം നഗരം. ജില്ലയിലെ വിവിധ ദേവാലയങ്ങളിൽ ഇന്ന് അർധരാത്രിയും നാളെ രാവിലെയുമായി പ്രത്യേക പ്രാർത്ഥനയും കുർബാനയും നടക്കും. നഗരത്തിലെ വിപണികളിലും വൻ തിരക്കാണ് അനുഭവപ്പെടുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....

**(വോയ്സ്)**

RNU TVPM

## ക്രിസ്മസ് ആശംസ

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ തുടങ്ങിയവർ ക്രിസ്മസ് ആശംസ നേർന്നു. സമാധാനത്തിൻറേയും സ്നേഹത്തിൻറേയും ക്ഷമയുടെയും സന്ദേശം ഉൾക്കൊള്ളാനുള്ള ഓർമ്മപ്പെടുത്തലാണ് ക്രിസ്മസ് എന്ന് ഗവർണർ പറഞ്ഞു. മതങ്ങളെ മനുഷ്യത്വത്തിൻ്റേയും സാഹോദര്യത്തിൻ്റേയും ആവിഷ്കാരങ്ങളായി നിലനിർത്തുന്ന വിശ്വമാനവികതയാണ് കേരളത്തിന്റെ കരുത്തെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ലോകത്തിന് ശാന്തിയും സമാധാനവും ആശംസിച്ചു

കൊണ്ടാണ് ക്രിസ്മസ് ആഘോഷിക്കേണ്ടതെന്ന് സ്പീക്കർ പറഞ്ഞു.

=================================================================

## ഇടുക്കി - ക്രിസ്തുമസ്(ഇൻട്രോ)

ക്രിസ്മസ് - പുതുവത്സര ആഘോഷങ്ങൾ കേമമാക്കാൻ പടക്ക വിപണിയും സജീവമായി. ഏറ്റവും അധികം പടക്കങ്ങളും കമ്പിത്തിരിയും പൂത്തിരിയുമൊക്കെ വിറ്റഴിക്കപ്പെടുന്ന സമയമാണ് ക്രിസ്മസ് പുതുവത്സരകാലം. ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.....

(വോയ്സ്)

=================================================================

## ക്രിസ്മസ് അവധി

ക്രിസ്മസ് പ്രമാണിച്ച് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം, തിരുവനന്തപുരം പ്രിയദർശിനി പ്ലാനറ്റേറിയം, ചാലക്കുടി റീജിയണൽ സയൻസ് സെന്റർ എന്നിവ നാളെ തുറക്കില്ല. വ്യാഴാഴ്ച മുതൽ ഈ മാസം 29 വരെ വൈകിട്ട് 7 മുതൽ 8 വരെ വാനനിരീക്ഷണത്തിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

RNU TVPM

=================================================================

## ശബരിമല

മണ്ഡലപൂജയ്ക്ക് രണ്ടു ദിവസം ശേഷിക്കെ സന്നിധാനത്ത് തിരക്ക് തുടരുന്നു. അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്കഅങ്കി വഹിച്ചുള്ള രഥഘോഷയാത്ര നാളെ പമ്പയിലെത്തും. മറ്റന്നാൾ ഉച്ചയ്ക്കാണ് മണ്ഡലപൂജ. അതിനിടെ ശബരിമല നട ഇന്ന് അടയ്ക്കുമെന്ന വ്യാജ പ്രചാരണത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് സൈബർ പോലീസിന് പരാതി നൽകി.

=================================================================

## സ്മാർട്ട് അങ്കണവാടി - മുഖ്യമന്ത്രി

സംസ്ഥാനത്ത് പ്രവർത്തനസജ്ജമായ 30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂർ- മട്ടന്നൂരിൽ മറ്റന്നാൾ നിർവഹിക്കും. ചടങ്ങിൽ മന്ത്രി വീണാ ജോർജ് അധ്യക്ഷയാകും.

നിർമാണാനുമതി ലഭിച്ച 189 സ്മാർട്ട് അങ്കണവാടികളിൽ 117 എണ്ണമാണ് യാഥാർത്ഥ്യമായത്. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗമിക്കുന്നതായി മന്ത്രി പറഞ്ഞു.

==================================================================

## ഭക്ഷ്യവിഷബാധ - ആർ ബിന്ദു

എൻസിസി സംസ്ഥാന ക്യാമ്പിലുണ്ടായ ഭക്ഷ്യവിഷബാധയെപ്പറ്റി ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി അന്വേഷിക്കുമെന്ന് മന്ത്രി ആർ ബിന്ദു. തൃക്കാക്കര കെ എം എം കോളേജിൽ നടന്ന എൻസിസി ക്യാമ്പിൽ ഇന്നലെയാണ് ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്തത്.

==================================================================

## മന്ത്രി ജി.ആർ.അനിൽ

ഉപഭോക്തൃ പരാതി പരിഹാര സംവിധാനങ്ങൾ കൂടുതൽ ജനകീയമാക്കുമെന്ന് മന്ത്രി ജി.ആർ.അനിൽ. ദേശീയ ഉപഭോക്തൃ ദിനാചരണ പരിപാടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഓൺലൈൻ വിൽപ്പനയുടെയും മൾട്ടി ലെവൽ മാർക്കറ്റിംഗിന്റെയും കാലഘട്ടത്തിൽ ഉപഭോക്തൃ സേവന, തർക്ക പരിഹാര സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി തർക്ക പരിഹാര സേവനങ്ങൾ ഘട്ടംഘട്ടമായി ഓൺലൈനായി നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

RNU TVPM

==================================================================

## കണ്ണൂർ കാൻസർ സെന്റർ (ഇൻട്രോ)

രോഗികൾക്ക് നൽകുന്ന മരുന്നുകളുടെ, രക്തത്തിലേക്കുള്ള സഞ്ചാര നിരക്ക് കൃത്യമായി ക്രമീകരിക്കാനും നിരീക്ഷിക്കാനുമുള്ള പുതിയ സംവിധാനം തലശ്ശേരി മലബാർ കാൻസർ സെന്ററിൽ സജ്ജമായി. കെ-ഡിസ്കുമായി സഹകരിച്ച് ഡ്രിപോ സംവിധാനം ഉപയോഗപ്പെടുത്തിയാണ് വയർലസ് ഇൻഫ്യൂഷൻ മോണിറ്ററിംഗ് എന്ന പദ്ധതി നടപ്പിലാക്കിയത്. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...

=================================================================

## ഗുണനിലവാര അംഗീകാരം

സംസ്ഥാനത്തെ നാല് ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരമായ നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ് ലഭിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. മൂന്ന് ആശുപത്രികൾക്ക് പുതുതായി അംഗീകാരവും ഒരു ആശുപത്രിയ്ക്ക് പുന:അംഗീകാരവുമാണ് ലഭിച്ചത്. പാലക്കാട് ആനക്കട്ടി, പാലക്കാട് ഷോളയൂർ , വയനാട് വെള്ളമുണ്ട കുടുംബാരോഗ്യ കേന്ദ്രങ്ങളാണ് പുതുതായി അംഗീകാരം നേടിയത്. കാസർഗോഡ് നർക്കിലക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിനാണ് വീണ്ടും അംഗീകാരം ലഭിച്ചത്.

=================================================================

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി ഫുട്ബോളിൽ ഗ്രൂപ്പ് ബിയിലെ അവസാന റൗണ്ടിൽ കേരളവും തമിഴ്നാടും തമ്മിലുള്ള മത്സരം സമനിലയിൽ. ഗ്രൂപ്പിൽ ഒന്നാം സ്ഥാനക്കാരായ കേരളം ഡൽഹിക്കെതിരായ ജയത്തോടെ ക്വാർട്ടർ ഉറപ്പിച്ചിരുന്നു. വെള്ളിയാഴ്ച്ച കാശ്മീരിനെതിരെയാണ് ക്വാർട്ടർ മത്സരം.

RNU TVPM

=================================================================

## കല്ലാർകുട്ടി ഡാം

നേര്യമംഗലം ജല വൈദ്യുത പദ്ധതിയുടെ ഭാഗമായ കല്ലാർകുട്ടി അണക്കെട്ടിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ വെള്ളിയാഴ്ച രാവിലെ 5 മണി മുതൽ ഡാമിൻറെ സ്ലൂയസ് വാൽവ് തുറക്കുമെന്ന് ഇടുക്കി ജില്ലാ കളക്ടർ. പെരിയാർ, മുതിരപ്പുഴയാർ പുഴകളുടെ ഇരുകരകളിലുമുള്ളവർ ജാഗ്രത പുലർത്തണം.

=================================================================

=================================================================